>> വിശകലനം

• ആർ. യൂസുഫ്




# മലേഷ്യയിൽ ഇസ്‌ലാമിക ശക്തികളുടെ ഉയിർത്തെഴുന്നേൽപ്

**222** അംഗ പാർലമെന്റിലേക്കും 13 പ്രവിശ്യാ അസംബ്ലിയിലേക്കും മാർച്ച് 8-ന് നടന്ന ഈ വർഷത്തെ മലേഷ്യൻ തെരഞ്ഞെടുപ്പുഫലം, മലേഷ്യയിലെ ഇസ്‌ലാമിക രാഷ്ട്രീയത്തെക്കുറിച്ച പ്രായോഗികവും മൂർത്തവുമായ ചില സംവാദങ്ങളിലേക്ക് കാര്യങ്ങളെ നയിക്കുമെന്നുറപ്പാണ്. തെരഞ്ഞെടുപ്പിൽ അപ്രതീക്ഷിതമായി പ്രതിപക്ഷത്തിനുണ്ടായ നേട്ടം, പാർലമെന്റിൽ കൃത്യമായ ഭൂരിപക്ഷം ലഭിച്ചിട്ടും ഭരണകക്ഷിയായ ബാരിസാൻ നാഷ്നൽ എന്ന 14 അംഗ ദേശീയ സംഖ്യത്തെ അങ്കലാപ്പിലാക്കിയിരിക്കുകയാണ്. മലേഷ്യൻ ചരിത്രത്തിൽ ഇതാദ്യമായാണ് 5 സംസ്ഥാനങ്ങൾ പ്രതിപക്ഷം പിടിച്ചടക്കുന്നതും, മൂന്നിൽ രണ്ട് ഭൂരിപക്ഷമില്ലാതെ ബാരിസാൻ നാഷ്നൽ(BN) ദേശീയ അസംബ്ലിയെ പ്രതിനിധീകരിക്കുന്നതും. അതുതന്നെയാണ് ഈ പ്രതിസന്ധിയുടെ ഒരടിസ്ഥാന കാരണവും.

മുസ്‌ലിം രാഷ്ട്രമാണെങ്കിലും വിവിധ മത-വംശീയ വിഭാഗങ്ങൾക്ക് ആധിപത്യമുള്ള ഒരു രാഷ്ട്രമാണ് മലേഷ്യ. ഏകദേശം 8 ശതമാനം വരുന്ന ഇന്ത്യൻ വംശജരും, 30 ശതമാനത്തോളം വരുന്ന ചൈനീസ് വംശജരും 55 ശതമാനം വരുന്ന മലയ് മുസ്‌ലിംകളുമാണ് മലേഷ്യൻ ജനസംഖ്യയിലെ സുപ്രധാന വിഭാഗങ്ങൾ. മലയ്-ചൈനീസ്-ഇന്ത്യൻ വംശജർക്ക് ഗണ്യമായി സ്വാധീനമുള്ള മലേഷ്യയുടെ ഏറ്റവും വലിയ പ്രത്യേകത, സമാധാനപരവും കലാപമുക്തവുമായ ഒരു സാമൂഹികാന്തരീക്ഷം ഈ വൈവിധ്യങ്ങൾക്കിടയിലും ഭദ്രമായി നിലനിൽക്കുന്നു എന്നതാണ്.

അധികാര രാഷ്ട്രീയം പിന്തുടരുന്ന വംശീയ സമവാക്യമാണ് ഈ സമാധാന ജീവിതത്തിന്റെ കാതൽ എന്നാണ് ബാരിസാൻ നാഷ്നൽ ജനങ്ങളെ വിശ്വസിപ്പിച്ചതും അംഗീകരിപ്പിച്ചതും. പാർട്ടി ഇസ്‌ലാം സെ മലേഷ്യ(പാസ്-PAS) എന്ന പേരിൽ 57 വർഷമായി മലേഷ്യൻ രാഷ്ട്രീയത്തിൽ ഇടപെടുന്ന ഇസ്‌ലാമിക രാഷ്ട്രീയ ശക്തിയെ തളച്ചുകെട്ടാനുള്ള തുറുപ്പുചീട്ടെന്ന നിലയിൽ ബി.എന്നും അതിന്റെ നായക കക്ഷിയായ യുനൈറ്റഡ് മലയ്സ് നാഷ്നൽ ഓർഗനൈസേഷനും (UMNO ഉംനോ) എന്നും ഉപയോഗപ്പെടുത്താറുള്ളത് ഈ വംശീയ സമവാക്യത്തെയാണ്. ജനസംഖ്യയിൽ ഗണ്യമായ ശതമാനം വരുന്ന മലായ് മുസ്‌ലിംകള

ല്ലാത്ത വിഭാഗങ്ങളുടെ മുമ്പിൽ പാസിനെയും അവരുടെ ഇസ്‌ലാമിക രാഷ്ട്ര സങ്കൽപത്തെയും ഏറ്റവും വികൃതമായി അവതരിപ്പിച്ചാണ് കഴിഞ്ഞ 50 വർഷമായി ഭരണസഖ്യം പാസിനെ പ്രതിരോധിച്ച് വരുന്നത്. ഈ കാരണം കൊണ്ടുതന്നെ മലയ് വംശജരല്ലാത്ത വിഭാഗങ്ങളുടെ വോട്ട് അവിചാരിതമായി പോലും പാസിന് ലഭിക്കാറില്ല. പാസ് ആകട്ടെ, മലയ് വംശജരല്ലാത്ത ഇതര വംശജർക്ക് ആധിപത്യവും ആഭിമുഖ്യവുമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളോട് സഹകരിക്കാറുമില്ല. 50 വർഷത്തെ അനുഭവങ്ങളെ തിരുത്തി എന്നതാണ് ഈ തെരഞ്ഞെടുപ്പിൽ മലേഷ്യ സാക്ഷ്യം വഹിച്ച പ്രധാന മാറ്റം.

## 'പാസി'ന്റെ പിറവി

ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നുള്ള മലേഷ്യയുടെ സ്വാതന്ത്ര്യ പോരാട്ടങ്ങൾക്ക് ഊർജം പകർന്നത് '40-കളിൽ പിറവിയെടുത്ത യുണൈറ്റഡ് മലായ്സ് നാഷ്നൽ ഓർഗനൈസേഷൻ (UMNO) എന്ന മലയ് വംശജരുടെ



അൻവർ ഇബ്റാഹീം

പ്രസ്ഥാനമാണ്. കൊളോണിയൽ യുഗത്തിൽ അവരെ സേവിക്കാനും അവരുടെ കൃഷിയിടങ്ങളിൽ അടിമ വേല ചെയ്യാനും ബ്രിട്ടീഷുകാർ കൊണ്ടുവന്ന ചൈനീസ്-ഇന്ത്യൻ വംശജരും അവരോടൊപ്പം നാടുവിടുക എന്നതായിരുന്നു മലയ് വംശജരുടെ നിലപാട്. അവരെ മലേഷ്യൻ പൗരന്മാരായി ഗണിക്കുക എന്ന ഉപാധിയോടെ മാത്രമേ സ്വാതന്ത്ര്യം നൽകൂ എന്ന് ബ്രിട്ടനും ശഠിച്ചു. ഇസ്‌ലാമിനെ മലേഷ്യയുടെ ഔദ്യോഗിക മതമായും ഭരണ നിർവഹണത്തിൽ പ്രധാനമന്ത്രി, ഉപപ്രധാനമന്ത്രി തുടങ്ങിയ തസ്തികകളിൽ മലയ് വംശജർക്ക് മാത്രം പ്രത്യേകാവകാശവും അംഗീകരിക്കുക എന്ന ഉപാധിയോടെ മറ്റ് വംശീയ വിഭാഗങ്ങൾക്ക് പൗരത്വം നൽകാൻ അന്തിമമായി തീരുമാനിക്കപ്പെട്ടു. ഇപ്രകാരം സ്വാതന്ത്ര്യം നേടിയ ഒരു രാജ്യം ഇസ്‌ലാമിനെ ഔദ്യോഗിക മതമായി അംഗീകരിച്ചിരിക്കെ പ്രായോഗിക ഘടനയിലും അത് പ്രതിഫലിപ്പിക്കും എന്നാണ് സ്വാതന്ത്ര്യാനന്തര മലേഷ്യയെക്കുറിച്ച് മുസ്‌ലിംകൾ വച്ചു പുലർത്തിയ സ്വപ്നം.

1957-ൽ സ്വാതന്ത്ര്യം നേടുന്നതിന് മുമ്പ് തന്നെ ഇസ്‌ലാമിനെ മലേഷ്യയിൽ പ്രതിഷ്ഠിക്കുന്നതിനെക്കുറിച്ച കടുത്ത അനിശ്ചിതത്വം ഉംനോ നേതൃനിരയിൽ പ്രകടമായിരുന്നു. ഒരാദർശ പ്രസ്ഥാനം എന്നതിനെക്കാൾ വംശീയതാൽപര്യങ്ങൾ സുരക്ഷിതമാക്കുന്ന എളുപ്പവഴി എന്ന നിലയിൽ ഇസ്‌ലാമിനെ ഉപയോഗപ്പെടുത്തിയ ഉംനോവിലെ ദേശീയ വാദികൾ, മലേഷ്യൻ സ്വാതന്ത്ര്യ പോരാട്ടത്തെ തെറ്റായുപയോഗപ്പെടുത്താൻ സാധ്യതയുണ്ടെന്ന ഉറച്ച വിശ്വാസമാണ് 1951-ൽ ഉംനോവിലെ മതപണ്ഡിതന്മാരെ ദേശീയ പ്രസ്ഥാനത്തിൽനിന്ന് രാജിവെക്കാനും പാൻ മലേഷ്യൻ ഇസ്‌ലാമിക് പാർട്ടി (PMIP) എന്നപേരിൽ പുതിയ ഒരു ഇസ്‌ലാമിക പാർട്ടിക്ക് രൂപം നൽകാനും പ്രേരിപ്പിച്ചത്. ഈ പാർട്ടിയാണ് പിൽക്കാലത്ത് പാസ് ആയി രൂപാന്തരപ്പെട്ടത്.

സ്വാതന്ത്ര്യാനന്തരം, മറ്റെല്ലാ രാജ്യത്തും സംഭവിച്ചതുപോലെ ദേശീയ പ്രസ്ഥാനമായ ഉംനോ അധികാരം കൈയാളി. കഴിഞ്ഞ 50 വർഷമായി മലേഷ്യ ഭരിക്കുന്നത് ഈ പാർട്ടിയാണ്. ആരംഭകാലത്ത് ഉംനോ മാത്രമായിരുന്നു അധികാരം കൈയാളിയതെങ്കിൽ പിൽക്കാലത്ത് വിവിധ വംശീയ വിഭാഗങ്ങൾക്ക് മുൻതൂക്കമുള്ള ഏതാണ്ടെല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പൊതുവേദി എന്ന നിലയിൽ ബാരിസാൻ നാഷ്നൽ (ദേശീയ മുന്നണി) എന്ന മുന്നണിയായി ഇത് മാറി. ബി.എൻ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ മുന്നണി ചൈനീസ് വംശജരുടെ പാർട്ടിയായ മലായ് ചൈനീസ് അസോസിയേഷൻ (MCA), ഇന്ത്യൻ വംശജരുടെ പാർട്ടിയായ മലായ് ഇന്ത്യൻ കോൺഗ്രസ്, മലായ് വംശജരുടെ പാർട്ടിയായ ഉംനോ തുടങ്ങി 14 കക്ഷികളുടെ സഖ്യമാണെങ്കിലും ഉംനോവാണ് ബി.എന്നിന്റെ കാമ്പും കാതലും.

## എ.ബി.ഐ.എം

ഉംനോയും പാസും തമ്മിൽ താത്ത്വികമായും പ്രായോഗികമായും ഒരുപാട് ഭിന്നതകളുണ്ടെങ്കിലും മലായ് മുസ്‌ലിംകളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുതകുന്ന രണ്ട് സമീപനങ്ങൾ എന്ന നിലയിലാണ് അവ മനസ്സിലാക്കപ്പെട്ടത്. 1970-കളിൽ ഇസ്‌ലാമിക ലോകത്തുണ്ടായ ഉണർവും മാറ്റവും കൂടുതൽ തീക്ഷ്ണമായ ഇസ്‌ലാമികവൽക്കരണ പ്രക്രിയക്ക് നേതൃത്വം കൊടുക്കാൻ പാസിനെ പ്രേരിപ്പിച്ചു. ഇതേ കാലത്തു തന്നെയാണ് പടിഞ്ഞാറൻ കലാലയങ്ങളിൽനിന്ന് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ പരിചയപ്പെടാൻ അവസരം സിദ്ധിച്ച ചെറുപ്പക്കാർ എ.ബി.ഐ.എം (അങ്കതൻ ബെലിയ ഇസ്‌ലാം മലേഷ്യ) എന്ന ഇസ്‌ലാമിക യുവജന പ്രസ്ഥാനത്തിന് രൂപം നൽകിയത്. എ.ബി.ഐ.എമ്മിന്റെ രംഗപ്രവേശത്തോടെ ഇസ്‌ലാമികവൽക്കരണത്തിന്റെ നേതൃത്വം മലേഷ്യൻ ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ എന്ന നിലയിൽ എ.ബി.ഐ.എം കൈയടക്കി എന്നുതന്നെ പറയാം. പ്രത്യേകിച്ച് പാസിന്റെ നേതൃനിരയിലുള്ള പരമ്പരാഗത പണ്ഡിത നേതൃത്വത്തിന് നഗരങ്ങളിലും യൂനിവേഴ്സിറ്റികളിലും ജീവിക്കുന്ന പുതുതലമുറയെ അഭിസംബോധന ചെയ്യാനുള്ള വൈമുഖ്യത്തെ അതിജയിക്കാൻ എ.ബി.ഐ.എമ്മിന് സാധിച്ചു. പാസിന് ഇസ്‌ലാമികാഭിമുഖ്യം വെച്ചു പുലർത്തുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം എന്ന പരിഗണന അംഗീകരിച്ച് കൊണ്ടുതന്നെയാണ് എ.ബി.ഐ.എം മലേഷ്യൻ യുവതയെ ഇസ്‌ലാമികവൽക്കരിക്കാനുള്ള സ്വന്തമായ വഴികൾ തേടിയത്. മലയ്-ചൈനീസ്-ഇന്ത്യൻ വംശജരുടെ മുന്നണിയായ ബി.എന്നിന് നേതൃത്വം കൊടുക്കുന്ന ഉംനോ വീതംവെപ്പ് രാഷ്ട്രീയത്തിലെ പ്രായോഗിക വാദത്തിന്റെ പേരിലും മതേതര വിധേയത്വം കാരണവും ചെയ്യുന്ന വിട്ടുവീഴ്ചകൾക്കെതിരെ ഈ രണ്ട് പ്രസ്ഥാനങ്ങളും

ശക്തമായി രംഗത്തുവന്നു. അബീം(ABIM) പ്രസിഡന്റായി അൻവർ ഇബ്റാഹീം തെരഞ്ഞെടുക്കപ്പെട്ടതോടെ അദ്ദേഹത്തിന്റെ കരിസ്മാറ്റിക് വ്യക്തിത്വത്തെ ഉപയോഗപ്പെടുത്തി എ.ബി.ഐ.എം നടത്തിയ രാഷ്ട്രീയ പ്രക്ഷോഭങ്ങൾ ഉംനോവിനെതിരെയുള്ള ഏറ്റവും വലിയ ഇസ്‌ലാമിക പ്രതിപക്ഷം എന്ന നിലയിലേക്ക് എ.ബി.ഐ.എമ്മിനെ വളർത്തി. പരമ്പരാഗത രീതിയിലൂടെ രാഷ്ട്രീയ രംഗത്ത് ചുവടുറപ്പിച്ച പാസിന്റെ നേതൃസ്ഥാനത്ത്, മദീനാ യൂനിവേഴ്സിറ്റിയിൽനിന്ന് പഠനം പൂർത്തിയാക്കിയ അബ്ദുൽഹാദീ അവാംഗ് എന്ന ചെറുപ്പക്കാരൻ '80കളിൽ അവരോധിതനായി. പാസ്, എ.ബി.ഐ.എം എന്നീ പ്രസ്ഥാനങ്ങൾക്ക് പരസ്പരം സഹകരിക്കാനും സംഘടനാ താൽപര്യങ്ങൾക്കതീതമായ പൊതുലക്ഷ്യത്തിൽ ഒരുമിക്കാനുമുള്ള വേദികൾ തുറന്നിട്ടു. രണ്ട് പ്രസ്ഥാനങ്ങളുടെ സാന്നിധ്യത്തെ മലേഷ്യയുടെ ഇസ്‌ലാമിക വൽക്കരണത്തിന് ഏറ്റവും സമർഥമായി ഉപയോഗപ്പെടുത്തുക എന്നതായിരുന്നു അബ്ദുൽഹാദിയും അൻവർ ഇബ്റാഹീമും സ്വീകരിച്ച വഴി.

പക്ഷേ, വിവിധ വിഭാഗങ്ങളെ ഒരേ മുന്നണിയിൽ അണിനിരത്തി ഉംനോ നടത്തുന്ന രാഷ്ട്രീയ മുന്നേറ്റത്തിനു മുന്നിൽ പാസിന്റെ രാഷ്ട്രീയ വിജയം എന്നും ഒരു സ്വപ്നമായിരുന്നു. എന്നാൽ '80കളിൽ എ.ബി.ഐ.എം-പാസ് കൂട്ടുകെട്ട് ഉംനോവിന്റെ ദേശീയ മതേതര ഘടനക്കെതിരെ ഉയർത്തിയ വെല്ലുവിളി ഉംനോ നേതൃത്വത്തെ പ്രത്യേകിച്ച് '80കളിൽ അതിന്റെ അധ്യക്ഷ പദവിയിലെത്തിയ മഹാതീർ മുഹമ്മദിനെ പിടിച്ചുലക്കുക തന്നെ ചെയ്തു. പാസ് ബാനറിൽ എ.ബി.ഐ.എം നേതാക്കൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചു. ഇസ്‌ലാമിനെ കേവലം ഒരു ആചാരമതമായി കാണുന്ന മതേതര സമീപനത്തിന് പകരം അതിനെ ഒരു പ്രത്യയശാസ്ത്രമായും സാമൂഹിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമായും കാണുന്ന രാഷ്ട്രീയ ചുവടു മാറ്റത്തിലേക്ക് ഉംനോ മാറി എന്നതാണ് ഇതിന്റെ ഏറ്റവും വലിയ ഫലം. പാസിന്റെ പരമ്പരാഗത ഘടനക്ക് പകരം ഇസ്‌ലാമിനെ ബഹുമത വംശീയ സമൂഹമായ മലേഷ്യയിൽ ആവിഷ്കരിക്കാനാവുക തങ്ങൾക്കാണെന്നും, അതിനാൽ പ്രസ്തുത ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന ആർക്കും ഉംനോവിൽ പ്രവർത്തിക്കാമെന്നുമായിരുന്നു മഹാതീറിന്റെ പുതിയ നിലപാട്. മലയ് വംശജരുടെ പാർട്ടിയായ ഉംനോവിന് മലയ് ജനപിന്തുണ ലഭിക്കാനുള്ള ഏറ്റവും ശരിയായ മാർഗം ഇസ്‌ലാമിനെ ഉപയോഗപ്പെടുത്തലാണെന്നും അല്ലാത്ത പക്ഷം എ.ബി.ഐ.എമ്മിന്റെ കൂടി പിന്തുണയുള്ള പാസ് ഉംനോവിന്റെ രാഷ്ട്രീയ അന്ത്യം കുറിക്കുമെന്നുമുള്ള തിരിച്ചറിവ് ഈ നിലപാട് മാറ്റത്തിന് കാരണമായിട്ടുണ്ട്. '80-കളിൽ ലോകവ്യാപകമായി ശക്തിപ്പെട്ട ഇസ്‌ലാമിക നവജാഗരണവും പടിഞ്ഞാറൻ നവകൊളോണിയലിസത്തിനെതിരായ ബഹുജന വികാരവും മഹാതീറിനെയും സ്വാധീനിച്ചിരുന്നു. ഇത് ഉപയോഗപ്പെടുത്തി ഇസ്‌ലാമികവൽക്കരണത്തിന്റെ സാധ്യതകൾ വികസിപ്പിക്കാം എന്ന പ്രതീക്ഷയിലാണ്, സർവരെയും അത്ഭുതപ്പെടുത്തി 1982-ൽ അൻവർ ഇബ്റാഹീം എ.ബി.ഐ.എം പ്രസിഡന്റ് സ്ഥാനം രാജിവെച്ച് ഉംനോവിൽ ചേർന്നത്. തുടർന്ന് എ.ബി.ഐ.എം നേതൃനിരയിലും അനുയായികളിലും പെട്ട ഒട്ടനവധി പേർ ഉംനോവിലേക്ക് ചേക്കേറി. ഇതോടെ മലേഷ്യൻ രാഷ്ട്രീയത്തിലെ ഏറ്റവും ഉറച്ച ശബ്ദമായ എ.ബി.ഐ.എം ഏതാണ്ട് നിഷ്പ്രഭമായി.

## മഹാതീറിന്റെ രാഷ്ട്രീയക്കളി

അൻവറിന്റെയും അനുയായികളുടെയും ചുവടുമാറ്റം, സ്വാതന്ത്ര്യ കാലം മുതൽ ഉംനോവിനെതിരെ നിലപാട് സ്വീകരിച്ചു പോരുന്ന പാസിനെ സംബന്ധിച്ചേടത്തോളം വലിയ പ്രതിസന്ധിതന്നെയാണ് സൃഷ്ടിച്ചത്. അൻവറിനെ മുന്നിൽ നിർത്തി ഇസ്‌ലാമികവൽക്കരണത്തിന്റെ മുന്നണിപ്പോരാളിയായി സ്വയം അവരോധിതനാവാൻ മഹാതീർ നടത്തിയ ശ്രമങ്ങൾ ഒരു പരിധിവരെ വിജയം കാണുകയും ചെയ്തു. പാസിനെ സമകാലിക യാഥാർഥ്യങ്ങളോട് സമരസപ്പെടാൻ പറ്റാത്ത പരമ്പരാഗത പ്രസ്ഥാനമെന്ന് മുദ്രയടിച്ചാണ് മഹാതീർ നേരിട്ടത്. ഇസ്‌ലാമികവൽക്കരണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ തന്നെ, തന്റെ കാഴ്ചപ്പാടുകൾക്കെതിരായ സമീപനം സ്വീകരിക്കുന്ന ഏതൊരു ശ്രമത്തെയും ചെറുക്കുക എന്നതായിരുന്നു മഹാതീറിന്റെ നയം.

ബാരിസാൻ നാഷ്നലിന് നേതൃത്വം നൽകുന്ന ഉംനോവിന് മലയ് ജനവിഭാഗത്തിന്റെ സമ്പൂർണ പിന്തുണ ലഭിക്കാനുള്ള വഴി, പാസിന് അവർക്കിടയിലുള്ള സ്വാധീനം തകർക്കലാണെന്ന് തിരിച്ചറിഞ്ഞ മഹാതീർ, അധികാര ദുർവിനിയോഗത്തിലൂടെയും ഭീഷണിയിലൂടെയും സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ നിലവിൽ വന്ന ആ പ്രസ്ഥാനത്തെ തകർക്കാൻ ശ്രമിച്ചു. മലേഷ്യയുടെ വംശീയ സമവാക്യങ്ങൾ തകർക്കുന്ന നിലപാട് സ്വീകരിച്ചാൽ, ഇന്റേണൽ സെക്യൂരിറ്റി ആക്ട് ഉപയോഗിച്ച് നിരോധിക്കും എന്നും ഇസ്‌ലാമിന്റെ പ്രതിനിധികളാവാൻ നോക്കേണ്ട എന്നും പാസിനെ മഹാതീർ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. അൻവർ ഇബ്റാഹീമിന്റെ ഇസ്‌ലാമിക പ്രതിഛായയെ ഏറ്റവും സമർഥമായി പാസിനെതിരെ മഹാതീർ ഉപയോഗിച്ചു. ഇസ്‌ലാമിക് ബാങ്കിംഗ്, ഇസ്‌ലാമിക് യൂനിവേഴ്സിറ്റി, ഒ.ഐ.സി പങ്കാളിത്തം തുടങ്ങിയ നിലപാടുകളിലൂടെ ഇസ്‌ലാമിക ലോകത്തിന്റെ പ്രതിനിധിയാവാൻ മഹാതീർ നടത്തിയ ശ്രമം ഏറക്കുറെ വിജയിച്ചു എന്ന് പറയാം. അതുകാരണം മലേഷ്യൻ രാഷ്ട്രീയത്തിൽ '80കളിൽ ജ്വലിച്ചുനിന്ന പാസും എ.ബി.ഐ.എമ്മും ഏറക്കുറെ ചിത്രത്തിൽനിന്ന് മാഞ്ഞു.

## പാസ് തിരിച്ചുവരുന്നു

ഇത്തരമൊരവസ്ഥയിലാണ് '80കളുടെ മധ്യത്തിൽ അമേരിക്ക, ബ്രിട്ടൺ തുടങ്ങി വിദേശ യൂനിവേഴ്സിറ്റികളിൽ പഠിക്കാൻ അവസരം ലഭിച്ച മലേഷ്യൻ വിദ്യാർഥികൾ സയ്യിദ് മൗദൂദി, ശഹീദ് ഹസനുൽ ബന്ന എന്നിവരുടെ ആശയങ്ങളിൽ ആകൃഷ്ടരായി സൗറ ഇസ്‌ലാം (Voice of Islam), Islamic Representative Council (IRC) എന്നീ രണ്ട് വിദ്യാർഥി പ്രസ്ഥാനങ്ങൾക്ക് ബ്രിട്ടനിൽ രൂപം നൽകിയത്. ഇവർ മലേഷ്യയിലേക്ക് തിരിച്ചുവന്നത് ഇസ്‌ലാമിക രാഷ്ട്രീയത്തെക്കുറിച്ച മൂർത്തമായ ചില കാഴ്ചപ്പാടുകളോടെയാണ്. അൻവറിന്റെ ചുവടുമാറ്റം കാരണം ഗുരുതരമായ പ്രതിസന്ധിയിലായ എ.ബി.ഐ.എമ്മിന്റെ ഭാവിയെ ക്കുറിച്ച് ആശങ്കയുള്ള അവർ പാസിനെ തങ്ങളുടെ പ്രവർത്തന വേദിയായി തെരഞ്ഞെടുത്തു. ഇതിന്റെ സ്വാഭാവിക ഫലം ബഹുമത സമൂഹത്തിലെ ഇസ്‌ലാമിന്റെ ആവിഷ്കാരത്തെ കുറിച്ച ശ്രദ്ധേയമായ ചർച്ചകൾക്ക് പാസിന് തുടക്കം കുറിക്കാനായി എന്നതാണ്. പരമ്പരാഗത മതനേതൃത്വവും പുതുതായി കടന്നുവന്ന ഡോക്ടറേറ്റ് ബിരുദധാരികളായ പ്രഫഷ്നൽ തലമുറയും ചേർന്ന് പാസിനെ ഉംനോവിനെതിരെയുള്ള ഏക ഇസ്‌ലാമിക ബദൽ എന്ന നിലയിലേക്ക് വികസിപ്പിച്ചു. ഉംനോവിന്റെ ഇസ്‌ലാമിക വൽക്കരണ മുദ്രാവാക്യത്തെക്കുറിച്ച് സംശയമുള്ള ജനവിഭാഗങ്ങൾ പാസിന്റെ പിന്നിൽ അണിനിരന്നു.

ഇസ്‌ലാമികവൽക്കരണത്തെക്കുറിച്ച് സംസാരിക്കുന്നതോടൊപ്പം സാമൂഹിക-രാഷ്ട്രീയ രംഗത്ത് നിലനിൽക്കുന്ന

അധാർമിക പ്രവണതകൾ മലായ് മുസ്‌ലിംകളെ ഏറെ വേദനിപ്പിച്ചു. അൻവർ-മഹാതീർ കൂട്ടുകെട്ടോടെ മലേഷ്യയിലെ ഇസ്‌ലാമിക പ്രതിപക്ഷത്തിന്റെ ഭാവി ഇരുളടഞ്ഞതാവും എന്ന പ്രതീക്ഷകളെ തകർത്ത് കൊണ്ടാണ് '90-ലെ പൊതുതെരഞ്ഞെടുപ്പിൽ പാസ് കെലന്താൻ പ്രവിശ്യയുടെ നിയന്ത്രണം കൈയടക്കുന്നത്. മഹാതീറിനെ മാത്രമല്ല മലേഷ്യൻ ജനതയെ ഒന്നടങ്കം അത്ഭുതപ്പെടുത്തിയ സംഭവമാണിത്. പാർലമെന്റിൽ ഏതാണ്ട് 30 സീറ്റുകൾ പാസ് ഒറ്റക്ക് കൈയടക്കുകയും ചെയ്തു. തുടർന്നിങ്ങോട്ട് ഇന്നുവരെ മലായ് വോട്ടുബാങ്കുകൾ ഉംനോ-പാസ് എന്നിവക്കിടയിൽ വിഭജിക്കപ്പെടുകയാണുണ്ടായത്.

'90കളുടെ ആരംഭത്തിൽ മറ്റു ചില പ്രവണതകളും പ്രകടമായി. അതിൽ ഏറ്റവും പ്രധാനം എ.ബി.ഐ.എമ്മിന്റെ സ്വാധീനം കാരണം ഉംനോവിൽ നല്ലൊരു വിഭാഗം ഇസ്‌ലാമികവൽക്കരണത്തെക്കുറിച്ച് ബോധവാന്മാരായി എന്നതാണ്. ഉംനോവിന്റെ നേതൃനിരയിലെത്തപ്പെട്ട എ.ബി.ഐ.എമ്മിന്റെ മുൻ നേതാക്കൾ പാസ്-ഉംനോ ഭിന്നതകൾക്കതീതമായി ചിന്തിക്കാനും പ്രവർത്തിക്കാനും ആരംഭിച്ചു. 'അഭീമൈസേഷൻ ഓഫ് ഉംനോ' എന്നാണ് ചിലർ ഉംനോവിൽ എ.ബി.ഐ.എം ചെലുത്തിയ സ്വാധീനത്തെ വിശേഷിപ്പിക്കുന്നത്. ഉംനോവിൽ ചേരാതെ മാറിനിന്ന എ.ബി.ഐ.എം നേതാക്കൾ '90കളിൽ എ.ബി.ഐ.എമ്മിനെ പുനരുജ്ജീവിപ്പിച്ചു എന്നതാണ് മറ്റൊരു സംഭവം. ഇഖ്‌വാനിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് ജമാഅ ഇസ്‌ലാഹ് മലേഷ്യ (JIM) എന്ന പേരിൽ പുതിയ ഒരു സംഘടന കൂടി ആവിർഭവിച്ചതാണ് '90കളുടെ അന്ത്യത്തിലുണ്ടായ മൂന്നാമത്തെ സംഭവം. ഉംനോവിലെ എ.ബി.ഐ.എം മുൻ നേതാക്കളും പാസിലെ യുവനിരകളും തമ്മിലുള്ള മാനസികൈക്യം ഇക്കാലത്ത് ശക്തിപ്പെട്ടു.

## അൻവർ പുറത്താക്കപ്പെടുന്നു

അൻവറിന് ചുറ്റും ഇസ്‌ലാമികവൽക്കരണത്തെ പിന്തുണക്കുന്ന ഒരു പറ്റം ഉംനോ നേതാക്കൾ നിലയുറപ്പിച്ചത് ഉംനോവിലെ മതേതര നിരയെ വല്ലാതെ അസ്വസ്ഥമാക്കി. മഹാതീറിന്റെ തണലിൽ അൻവർ ഒട്ടനവധി മന്ത്രിസ്ഥാനങ്ങൾ കൈയാളി ഉപപ്രധാനമന്ത്രി സ്ഥാനത്ത് എത്തിയതോടെ പലരും അൻവറിൽ ഭാവി പ്രധാനമന്ത്രിയെ കണ്ടു. അൻവറിന്റെ കുതിപ്പും എ.ബി.ഐ.എം നേതാക്കന്മാർ ഉംനോവിൽ ചെലുത്തുന്ന സ്വാധീനവും ബി.എന്നിലെ പല വംശീയ പ്രസ്ഥാനങ്ങളെയും അസ്വസ്ഥമാക്കി. അൻവറിന്റെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് സംശയങ്ങളുടെ പുകമറ സൃഷ്ടിക്കപ്പെട്ടു. ഈ സന്ദർഭങ്ങളിൽ അൻവർ, മഹാതീറിന്റെ വിശ്വസ്തരായ ചിലർക്കെതിരെ നടത്തിയ നീക്കങ്ങൾ മഹാതീറിനെ ചൊടിപ്പിക്കുകയും ചെയ്തു. അൻവർ-അഭീം-പാസ് കൂട്ടുകെട്ട് ഭാവിയിൽ തന്റെ അധികാരത്തെ ചോദ്യം ചെയ്യാനിടയുണ്ടെന്നും മഹാതീർ തിരിച്ചറിഞ്ഞു.

അൻവറിന്റെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് മഹാതീറും ഉംനോവിലെ മതേതര നിരയും ഏറെ സംശയമുള്ളവരായിരുന്നു. അൻവറിന് ചുറ്റും ഒരു അധികാരവൃത്തം രൂപപ്പെടുന്നത് തിരിച്ചറിഞ്ഞതോടെ, ഏറ്റവും വൃത്തികെട്ട ആരോപണങ്ങളുന്നയിച്ച് മഹാതീർ അൻവറിനെ ഉപപ്രധാനമന്ത്രി സ്ഥാനത്തുനിന്ന് പുറത്താക്കുകയും ജയിലിലടക്കുകയും ചെയ്തതോടെ, '90കളുടെ അന്ത്യത്തിൽ മലേഷ്യ ചരിത്രത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പ്രതിസന്ധി നേരിട്ടു. ഈ ഘട്ടത്തിൽ പോലും ആരും മഹാതീറിനെതിരെ ചെറുവിരൽ ഉയർത്തിയില്ല. അത്രമാത്രം ശക്തവും ഭദ്രവുമായിരുന്നു അദ്ദേഹത്തിന്റെ ആധിപത്യം.

കണ്ണഞ്ചിപ്പിക്കുന്ന ഭൗതിക പുരോഗതി മലേഷ്യക്ക് സമ്മാനിച്ച ഭരണാധികാരി എന്ന നിലയിൽ ഉപരി-മധ്യവർഗത്തിനിടയിൽ മഹാതീറിന്റെ സ്വാധീനം അനിഷേധ്യമായിരുന്നു. അൻവറിന്റെ ഉറ്റ മിത്രങ്ങളിൽ ചിലർ പൂർവാധികം ശക്തിയോടെ മഹാതീറിനെ പിന്തുണച്ചു; മറ്റു ചിലർ മൗനം പാലിച്ചു; നിരാശരായ ചിലരാകട്ടെ സ്വൂഫീ വഴികളിൽ അഭയം തേടി. ഈ ഘട്ടത്തിൽ സാധാരണക്കാരിൽ സാധാരണക്കാരായ ഗ്രാമങ്ങളിൽ ജീവിക്കുന്ന മലായ് മുസ്‌ലിംകൾ മാത്രമാണ് ലോക മുസ്‌ലിംകൾക്കിടയിലുള്ള മഹാതീറിന്റെ പ്രതിഛായ തൃണവൽകരിച്ച്, ഏറ്റവും രാഷ്ട്രീയ മാനങ്ങളുള്ള സുനിശ്ചിതമായ തീരുമാനത്തിലെത്തിയ ഒരേ ഒരു വിഭാഗം. 1999-ലെ പൊതു തെരഞ്ഞെടുപ്പിൽ മലായ് മുസ്‌ലിം ജനസാമാന്യം വെച്ചുപുലർത്തിയ നീതിബോധം പാസിന് അവിശ്വസനീയമായ വിജയം സമ്മാനിച്ചു. മൂന്ന് പ്രവിശ്യാ അസംബ്ലികളിൽ സാരഥ്യം. നഗരങ്ങളിലെ ഏതാണ്ട് 100 ശതമാനം ഇന്ത്യൻ-ചൈനീസ് വോട്ടുകൾ നേടിയെടുക്കാനായതുകാരണം പാർലമെന്റിൽ ഭൂരിപക്ഷം കിട്ടിയെങ്കിലും ഗ്രാമങ്ങളിലെ മലായ് മുസ്‌ലിം ഭൂരിപക്ഷ മണ്ഡലങ്ങളും അൻവറിനോട് മഹാതീർ ചെയ്ത കൊടും ക്രൂരതക്ക് പകരം വീട്ടുക തന്നെ ചെയ്തു. അടുത്ത തെരഞ്ഞെടുപ്പിൽ ഇത് ഉംനോവിന്റെ തകർച്ചക്ക് കാരണമായിത്തീരും എന്ന ആശങ്ക നേതൃത്വത്തിൽ പടർന്നു. ചോദ്യം ചെയ്യപ്പെടാനാവാത്ത നേതാവായി വിരാജിക്കുന്ന താൻ

**അൻവറിന് ചുറ്റും ഒരു അധികാരവൃത്തം രൂപപ്പെടുന്നത് തിരിച്ചറിഞ്ഞതോടെ, ഏറ്റവും വൃത്തികെട്ട ആരോപണങ്ങളുന്നയിച്ച് മഹാതീർ അൻവറിനെ ഉപപ്രധാനമന്ത്രി സ്ഥാനത്തുനിന്ന് പുറത്താക്കുകയും ജയിലിലടക്കുകയും ചെയ്തതോടെ '90കളുടെ അന്ത്യത്തിൽ മലേഷ്യ ചരിത്രത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ പ്രതിസന്ധി നേരിട്ടു. ഈ ഘട്ടത്തിൽ പോലും ആരും മഹാതീറിനെതിരെ ചെറുവിരൽ ഉയർത്തിയില്ല. അത്രമാത്രം ശക്തവും ഭദ്രവുമായിരുന്നു അദ്ദേഹത്തിന്റെ ആധിപത്യം.**


*മഹാതീർ*


*അബ്ദുല്ല ബദാവി*

# നിക് അബ്ദുൽ അസീസ്
# അസാധാരണ വ്യക്തിത്വം

**മലേഷ്യയിലെ** എന്നല്ല ലോകത്തെല്ലായിടത്തുമുള്ള ഇസ്‌ലാമിക സമൂഹത്തിനു മുമ്പിൽ ഒരു മഹാമാതൃകയാണ് പാർട്ടി ഇസ്‌ലാം സെ മലേഷ്യ (PAS) യുടെ ആത്മീയ നേതാവ് (മുർശിദുൽ ആം) നിക് അബ്ദുൽ അസീസ്. ഖലീഫാ ഉമർ(റ)നെ തെരഞ്ഞ് മദീനയിലെത്തിയ പേർഷ്യൻ രാജാവിന്റെ പ്രതിനിധിക്ക് അനുഭവപ്പെട്ട അന്ധാളിപ്പ് ഓർമയില്ലേ? ചരിത്രഗ്രന്ഥങ്ങളിൽ സ്ഥാനം പിടിച്ച ഈ കഥ, കണ്ണഞ്ചിപ്പിക്കുന്ന ഭൗതിക പുരോഗതിക്കു മുമ്പിൽ പതറുന്ന മുസ്‌ലിം സമൂഹത്തിന് ആറാം നൂറ്റാണ്ടിൽ മാത്രം സാധ്യമായ ഒരസാധാരണ അപവാദമാണ്. എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ, അതും ഏതൊരു പാശ്ചാത്യരാജ്യത്തെയും നിഷ്പ്രഭമാക്കുന്ന ഭൗതിക വികസനം കൊണ്ട് ശ്രദ്ധേയമായ മലേഷ്യയിൽ നിക് അബ്ദുൽ അസീസിനെ സന്ദർശിക്കുമ്പോൾ നിങ്ങളത് അനുഭവിക്കും. 18 വർഷമായി കെലന്താൻ പ്രവിശ്യ ഭരിക്കുന്ന മുഖ്യമന്ത്രിയെ സന്ദർശിക്കാനെത്തുന്ന ആരും, ഖലീഫാ ഉമർ(റ) ഈത്തപ്പന തോട്ടത്തിൽ അന്തിയുറങ്ങുന്നതുകണ്ട് അത്ഭുതപ്പെട്ട ആറാം നൂറ്റാണ്ടിലെ സന്ദേശവാഹകന് ഉണ്ടായ അതേ ചിന്തകളിലൂടെ കടന്ന് പോകേണ്ടിവരും.

ലാളിത്യം, വിനയം, ഉത്തരവാദിത്വ ബോധം, ഭക്തി തുടങ്ങിയ എല്ലാ വാക്കുകളും കാലത്തിന്റേതായ ഒരു വ്യാഖ്യാനത്തിലൂടെയാണ് മനസ്സിലാക്കപ്പെടുക. ആ വ്യാഖ്യാനങ്ങളൊന്നും സാധാരണക്കാരനിൽ സാധാരണക്കാരനെപ്പോലെ ജീവിക്കുകയും അല്ലാഹുവിന് മുമ്പിൽ താൻ മറുപടി പറയേണ്ടിവരുമല്ലോ എന്ന് ആവലാതിപ്പെടുകയും ചെയ്യുന്ന, മലേഷ്യയിലെ പാസിന്റെ രാഷ്ട്രീയ പ്രതിയോഗികളിൽ ഒരാൾ പോലും വിമർശിക്കാൻ ധൈര്യപ്പെടാത്ത, ഈ മുഖ്യമന്ത്രിയെ മനസ്സിലാക്കാൻ ഉപകരിക്കില്ല. തുടർച്ചയായി അഞ്ചാം തവണയും കെലന്താൻ ജനതയെ ഭരിക്കാൻ നിയോഗിക്കപ്പെട്ട 77 വയസ്സ് പിന്നിട്ട ഈ വ്യക്തി മാധ്യമങ്ങളിലല്ല ജീവിക്കുന്നത്. ഒരു സൂഫിവര്യനെപ്പോലെ മലേഷ്യൻ രാഷ്ട്രീയത്തിൽ ഇസ്‌ലാമിക പക്ഷത്തെ പ്രതിനിധീകരിക്കുന്ന നിക് അബ്ദുൽ അസീസിനെ കാണണമെന്നുണ്ടോ? മുൻകൂട്ടി അനുവാദം ചോദിക്കേണ്ട; ആരുടെയും വക്കാലത്തും വേണ്ട. സ്വുബ്ഹ് നമസ്കാരത്തിനോ അസ്വ്ർ നമസ്കാരത്തിനോ അദ്ദേഹത്തിന്റെ ഗ്രാമീണ വീട്ടിനോട് തൊട്ടു ചേർന്ന് സ്ഥിതി ചെയ്യുന്ന കൊച്ചു പള്ളിയിലെത്തുക.

പതിവായി ഈ രണ്ട് നമസ്കാരങ്ങൾക്കും നേതൃത്വം കൊടുക്കുന്ന അദ്ദേഹത്തെ ആർക്കും ചെന്ന് അഭിവാദ്യം ചെയ്യാം. കുശലാന്വേഷണങ്ങൾ ആവാം. ആവശ്യങ്ങൾ ബോധിപ്പിക്കാം. ഒരു സെക്യൂരിറ്റി ഗാർഡിനെ പോലും നിങ്ങൾക്കു കാണേണ്ടി വരില്ല. (മറ്റ് നമസ്കാര സന്ദർഭങ്ങളിൽ പലപ്പോഴും മുഖ്യമന്ത്രിയുടെ ഓഫീസിനോട് ചേർന്ന പള്ളിയിലാണദ്ദേഹം ഉണ്ടാവുക). അസ്വ്ർ നമസ്കാര ശേഷം കൂടുതലെന്തെങ്കിലും ചർച്ച ചെയ്യാനുള്ളവർക്ക് മുമ്പിൽ പള്ളിയോട് ചേർന്ന് നിൽക്കുന്ന വീട്ടിലേക്ക് സ്വാഗതം. ആർക്കും പ്രസ്തുത സന്ദർഭങ്ങളിൽ കടന്നു വരാം. അതാണ് നിക് അബ്ദുൽ അസീസ്.

ഒരു വർഷം മുമ്പ് അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ, ഞങ്ങളെ പോലെ സന്ദർശകനായി വന്ന ഒരാൾ താർക്കികനെ പോലെ ഒരു പ്രത്യേക പക്ഷത്തെ ന്യായീകരിച്ച് സംസാരിക്കുന്നത് കണ്ടപ്പോൾ അഗാധപണ്ഡിതനും മുഖ്യമന്ത്രിയുമായ ഒരു മഹാവ്യക്തിയെ അനാവശ്യ ചർച്ചകളിലേക്ക് വലിച്ചിഴക്കുന്നുവല്ലോ എന്ന വേവലാതി ഞങ്ങൾക്കുണ്ടായി. നിക് അബ്ദുൽ അസീസ് സൗമ്യമായി കാര്യങ്ങൾ പറഞ്ഞശേഷം അലമാരയിൽനിന്ന് ഗ്രന്ഥങ്ങൾ പരതി കണ്ടെത്തി പേജുകൾ പരിശോധിച്ച് സന്ദർശകനും ഞങ്ങൾക്കും അത് വായിച്ചുതന്ന രംഗം മായാതെ മനസ്സിൽ കിടക്കുന്നു. ദയൂബന്തിലും നദ്വത്തുൽ ഉലമയിലും പഠിച്ച് ഇസ്‌ലാമിക വിജ്ഞാനീയത്തിൽ



*ഡോ. അബ്ദുസ്സലാം വാണിയമ്പലം, ലേഖകൻ എന്നിവർ നിക് അബ്ദുൽ അസീസിനോടൊപ്പം*

വ്യുൽപത്തി നേടിയ ഈ പണ്ഡിതന് തന്റെ വാദങ്ങൾ സമർഥിക്കാൻ ഒരു ഗ്രന്ഥം ആവശ്യമില്ല. പക്ഷേ, സന്ദർശകൻ, ഒരു പൂർവകാല പണ്ഡിതൻ ഇങ്ങനെ അഭിപ്രായപ്പെട്ടിട്ടുണ്ട് എന്ന് പറഞ്ഞപ്പോൾ, അത് തിരുത്താനാണ് പൂർവകാല പണ്ഡിതന്റെ അഭിപ്രായമുള്ള ഗ്രന്ഥം മുഖ്യമന്ത്രി പരതി കണ്ടെത്തി വായിച്ചുകൊടുക്കുന്നത്. കൃത്യാന്തര ബാഹുല്യത്തിനിടയിൽ ജനങ്ങൾക്കായി സമയം കണ്ടെത്തുന്ന ഒരു ജനനായകന്റെ ഉദാത്തമാതൃകയാണിത്.

തന്റെ ജീവിതത്തിൽ പുലർത്തുന്ന ശീലങ്ങൾ അതേ

പോലെ പകർത്താനാണ് മക്കൾക്ക് അദ്ദേഹം നൽകുന്ന ഉപദേശം. പള്ളിയോട് ചേർന്നുനിൽക്കുന്ന മതപാഠശാലയിലെ മേൽനോട്ടക്കാരനാണ് അൽ അസ്ഹറിൽ പഠിച്ച മകൻ ഉമറുബ്നു അബ്ദിൽ അസീസ്. വളരെ പഴക്കമുള്ള ആ കെട്ടിടത്തിലെ ഓഫീസ് മുറിയിൽ സന്ദർശകരെ സ്വീകരിക്കുന്ന മകന് നിക് അബ്ദുൽ അസീസിന്റെ അതേ ലാളിത്യവും എളിമയും. മുഖ്യമന്ത്രിയുടെ മകനാണെന്ന ഭാവം അശേഷമില്ല.

ജീവിതംകൊണ്ട് കെലന്താൻ ജനതയുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ നിക് അബ്ദുൽ അസീസിനെ, കെലന്താൻ പ്രവിശ്യ മലേഷ്യയിലെ മറ്റെല്ലാ ഭാഗങ്ങളെയും അപേക്ഷിച്ച് അവികസിതമാണ് എന്ന പ്രചാരണത്തിലൂടെ പരാജയപ്പെടുത്താനാണ് കേന്ദ്രഭരണകൂടം ശ്രമിച്ചത്. വാർത്താ മാധ്യമങ്ങൾ കെലന്താൻ വളരെ പിന്നാക്കമാണെന്ന് സമർഥിക്കാൻ നൂറു കണക്കിന് ഫീച്ചറുകൾ തയാറാക്കി. ശാന്തവും ഗംഭീരവുമാർന്ന സ്വരത്തിൽ നിക് അബ്ദുൽ അസീസ് പ്രഖ്യാപിച്ചു: 'നിങ്ങൾ വരച്ചുകാട്ടുന്ന വികസന മോഡൽ ഞങ്ങൾക്കാവശ്യമില്ല; പതിറ്റാണ്ടുകളോളം കാത്തുസൂക്ഷിക്കുന്ന മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ടും സമൂഹത്തിലെ എല്ലാവർക്കും ഉപകരിക്കും വിധമുള്ളതുമായ വികസന രീതികളേ ഞങ്ങൾ നടപ്പാക്കൂ.'

ഈ പ്രസ്താവന ഏറ്റവും കൂടുതൽ സന്തോഷിപ്പിച്ചത് പാസിന്റെ എതിരാളികളെയായിരുന്നു. മുഖ്യമന്ത്രിയുടെ ഈ നിലപാട്, വികസന അജണ്ട മുഖ്യപ്രമേയമാക്കിക്കൊണ്ടുള്ള തങ്ങളുടെ കാമ്പയിനെ ഫലപ്രാപ്തിയിലെത്തിക്കും എന്നവർ സമാധാനിച്ചു. കെലന്താനിന് മാത്രമായി ഒരു പ്രത്യേക തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ പോലും അവർ പുറത്തിറക്കി. ഒട്ടനവധി പ്രൊജക്ടുകളായിരുന്നു മുഖ്യ വാഗ്ദാനം. വോട്ടർമാർക്ക് പണം വാരിക്കൊടുത്തു. 'പണം നിരസിക്കേണ്ട; പക്ഷേ, വോട്ട് പാസിന് മാത്രം' ഇതായിരുന്നു നിക് അബ്ദുൽ അസീസിന്റെ മറുപടി. കെലന്താനിലെ 30 ശതമാനം വോട്ടർമാർ ക്വാലാലമ്പൂരിലും മറ്റ് പ്രധാന നഗരങ്ങളിലും ഉപജീവനം തേടുന്നവരാണ്. അവരെയെല്ലാം എങ്ങനെയെങ്കിലും നാട്ടിലെത്തിച്ച് വോട്ടുചെയ്യിക്കാനായാൽ ഉംനോവിന് വിജയം സുനിശ്ചിതമാണെന്നാണ് അവർ കണക്കുകൂട്ടിയത്. കാരണം, അവരെല്ലാം കെലന്താനിന്റെ അവികസിതാവസ്ഥയെക്കുറിച്ച് പരിതപിക്കുന്നുണ്ടാവും എന്നവർ വിശ്വസിച്ചു. നൂറുകണക്കിന് ബസുകളിലാണ് സൗജന്യമായി വോട്ടർമാരെ കെലന്താനിലെത്തിച്ചത്. അങ്ങനെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വോട്ടിംഗ് ശതമാനം കെലന്താനിൽ രേഖപ്പെടുത്തി. അസാമാന്യമായ ധീരതകൊണ്ട് നിക് അബ്ദുൽ അസീസ് ഇതിനെയെല്ലാം നേരിട്ടു. 45-ൽ 38 സീറ്റ് പാസും ഒരു സീറ്റ് സഖ്യകക്ഷിയും നേടിക്കൊണ്ട് ഒരു പുതിയ ചരിത്രം തന്നെ കുറിച്ചു. വികസനത്തെക്കാൾ, കഴിഞ്ഞ 18 വർഷമായി പിന്തുടർന്നു വരുന്ന മാതൃകാ ഭരണമാണ് തങ്ങൾക്കാവശ്യം എന്ന് ഏറ്റവും അവികസിത പ്രവിശ്യയായി മുദ്രയടിക്കപ്പെടുന്ന കെലന്താൻ ഒരിക്കൽ കൂടി തെളിയിച്ചു. ■

ഉംനോവിന്റെ ജനറൽ അസംബ്ലിയിൽ പരാജയപ്പെടാൻ ഇടയുണ്ടെന്ന് മഹാതീർ തിരിച്ചറിഞ്ഞു. ഏറ്റവും നല്ല വഴി സ്വയം രാജിവെക്കലാണ് എന്ന തിരിച്ചറിവാണ് രാഷ്ട്രീയം വിടുകയെന്ന തീരുമാനത്തിലേക്ക് മഹാതീറിനെ നയിച്ചത്. പലരും തെറ്റിദ്ധരിച്ചതുപോലെ പുതിയ തലമുറക്ക് അധികാരം കൈമാറണമെന്ന ചിന്ത, ഒരു ഏകാധിപതിയെ പോലെ പെരുമാറിയ മഹാതീറിൽ ഒരിക്കൽ പോലുമുണ്ടായിരുന്നില്ല.

എന്നാൽ തന്റെ രാഷ്ട്രീയ പിന്മാറ്റം പോലും പാസിന്റെയോ അൻവർ പിന്തുണക്കുന്ന ഇസ്‌ലാമിക പക്ഷത്തിന്റെയോ ശാക്തീകരണത്തിന് നിമിത്തമാവരുതെന്ന് മഹാതീറിന് നിർബന്ധമുണ്ടായിരുന്നു. ഉംനോവിലെ തന്റെ ഉറ്റ മിത്രങ്ങളെയും മനഃസാക്ഷി സൂക്ഷിപ്പുകാരെയും തല്ക്കാലം മാറ്റി നിർത്തി, ഇസ്‌ലാമിക പ്രതിഛായയുള്ള അബ്ദുല്ലാ ബദാവിയെ നേതൃസ്ഥാനത്ത് പ്രതിഷ്ഠിച്ചത് ഈ ഉദ്ദേശ്യത്തോടെയാണ്. 2004-ലെ തെരഞ്ഞെടുപ്പിൽ ബദാവിയെ മുന്നിൽനിർത്തി മഹാതീർ പാസിനും അൻവറിനുമെതിരെ ആഞ്ഞടിച്ചു. വളരെ പ്രശസ്തനായ മതപണ്ഡിതന്റെ മകനെന്ന ബദാവിയെക്കുറിച്ചുള്ള വിശ്വാസത്തെ മുതലെടുത്ത് മഹാതീർ നടത്തിയ ഈ രാഷ്ട്രീയക്കളിയിൽ പാസും അൻവറും അക്ഷരാർഥത്തിൽ തകർന്നു. 30-ഓളം സീറ്റുകളുണ്ടായിരുന്ന പാസിന് പാർലമെന്റിൽ 3 സീറ്റുകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. 3 പ്രവിശ്യകളിൽ രണ്ടും നഷ്ടപ്പെട്ടു. കെലന്താനിൽ 2 സീറ്റിന്റെ മാത്രം ഭൂരിപക്ഷം. അൻവറിന്റെ പാർട്ടിക്ക്, പാർട്ടി അധ്യക്ഷയായ അൻവറിന്റെ ഭാര്യയെ മാത്രമേ വിജയിപ്പിക്കാനായുള്ളൂ. 17 സീറ്റുകൾ നേടിയ DAP (Democratic Action Party) എന്ന ചൈനീസ് വംശജർക്ക് മുൻതൂക്കമുള്ള പാർട്ടി പ്രതിപക്ഷ നേതൃസ്ഥാനം ഏറ്റെടുത്തു. മലേഷ്യൻ രാഷ്ട്രീയത്തിൽ രാഷ്ട്രീയ ഇസ്‌ലാം എന്നന്നേക്കുമായി തിരോഭവിച്ചു എന്ന വിലയിരുത്തലോടെയാണ് 2004-ലെ തെരഞ്ഞെടുപ്പ് വിശകലനങ്ങൾ അവസാനിച്ചത്.

## ഹദാരി ഇസ്‌ലാം അഥവാ സാംസ്കാരിക ഇസ്‌ലാം

2004-ലെ ബാരിസാൻ നാഷനലിന്റെ തെരഞ്ഞെടുപ്പ് വിജയത്തോടെ കെലന്താനിൽ മാത്രം 2 സീറ്റിന്റെ മുൻതൂക്കത്തിൽ നിലയുറപ്പിക്കുന്ന പാസും, ഒരു സീറ്റിൽ മാത്രം ഒതുങ്ങിയ അൻവർ ഇബ്റാഹീമിന്റെ പാർട്ടിയും മലേഷ്യൻ രാഷ്ട്രീയത്തിൽ ഒരിക്കലും തിരിച്ചുവരാനിടയില്ല എന്ന അമിത പ്രതീക്ഷയോടെയാണ് അബ്ദുല്ലാ ബദാവി മലേഷ്യൻ ജനതക്കുമുമ്പാകെ 'ഹദാരി ഇസ്‌ലാം' എന്ന പുതിയ സങ്കൽപം മുന്നോട്ടു വെച്ചത്. 14 പാർട്ടികളുടെ മുന്നണിയായ ബാരിസാൻ നാഷനലിന് ചൈനീസ്-ഇന്ത്യൻ വംശങ്ങളിൽനിന്ന് ലഭിച്ച 100 ശതമാനം പിന്തുണ നിലനിർത്തുകയും എന്നാൽ മലായ് മുസ്‌ലിംകളുടെ പിന്തുണ നഷ്ടപ്പെടാതിരിക്കുകയും ചെയ്യുക എന്ന കൃത്യമായ അജണ്ട ഈ പ്രയോഗത്തിന് പിന്നിലുണ്ട്. പാസ് മുന്നോട്ടുവെക്കുന്ന ഇസ്‌ലാമിക ഭരണകൂടമല്ല മറിച്ച് ഇസ്‌ലാമിന് മുൻതൂക്കമുണ്ടെങ്കിലും മറ്റെല്ലാ ജനവിഭാഗങ്ങളുടെയും ആചാരാനുഷ്ഠാനങ്ങൾക്കും സമ്പ്രദായങ്ങൾക്കും ഔദ്യോഗികാംഗീകാരം ഉറപ്പാക്കുന്ന ഒരു സമീപനമാണിത് എന്ന അർഥത്തിൽ ഇത് വിശദീകരിക്കപ്പെട്ടു. ഇസ്‌ലാമിക രാഷ്ട്രീയത്തെക്കുറിച്ച വികൃതമായ ധാരണകൾ പകർന്ന് പാസിനെ പിന്തിരിപ്പൻ വിഭാഗമായി മുദ്രയടിച്ചു. യുവാക്കൾക്കും പുതുതലമുറകൾക്കും അതിരും പരിധിയുമില്ലാതെ നേരമ്പോക്കുകൾ കൊണ്ടാടാൻ അവസരം ലഭിച്ചു. ഹദാരി ഇസ്‌ലാമെന്ന ബാനർ കൊണ്ട് നടക്കുന്നതിനിടയിൽ യുവതലമുറയുടെ ധാർമികവൽക്കരണം, അഴിമതി നിർമാർജനം, ദുർബല ജനവി

ഭാഗങ്ങളുടെ ശാക്തീകരണം തുടങ്ങിയവ അവഗണിക്കപ്പെട്ടു. എല്ലാ ജനവിഭാഗങ്ങൾക്കും പരസ്പരം സ്നേഹിച്ചും സൗഹൃദം പങ്കിട്ടും ജീവിക്കാനുതകുന്ന മൂർത്തമായ സംവാദങ്ങളോ പ്രായോഗിക രീതിശാസ്ത്രങ്ങളോ വികസിപ്പിക്കാനല്ല; ഭിന്ന വംശീയ ജനവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് സർക്കാർ സംവിധാനങ്ങളും സൗകര്യങ്ങളും പങ്കുവെക്കാനാണ് ഹദാരി ഇസ്‌ലാമിന്റെ പേരിൽ ബദാവി ശ്രമിച്ചത്. മഹാതീറിന്റെ കാലം മുതൽ പിന്തുടരുന്ന ഈ അധികാര പങ്കാളിത്തം പക്ഷേ, ദുർബലനായ ബദാവിയുടെ നിയന്ത്രണത്തിൽനിന്ന് വഴുതി മാറുകയാണുണ്ടായത്. ആ കാരണം കൊണ്ടുതന്നെ ഇടക്കാലത്ത് ബദാവിയുടെ ഏറ്റവും ശക്തനായ വിമർശകനായി മഹാതീർ തന്നെ പ്രത്യക്ഷപ്പെട്ടു. വംശീയ പാർട്ടികൾ തമ്മിലുള്ള അധികാര വീതം വെപ്പിനിടയിലും മലായ് വംശജരുടെ താൽപര്യം സംരക്ഷിക്കാൻ സാധിച്ച ശക്തനായ ഭരണാധികാരി എന്ന പ്രതിഛായയാണ് മഹാതീറിനുണ്ടായിരുന്നത്. ബദാവിയാകട്ടെ വീതം വെപ്പിനിടയിൽ ഒട്ടനവധി തവണ ചൈനീസ് ആധിപത്യത്തിന് മുമ്പിൽ തലകുനിച്ചതായി മലായ് ജനതക്ക് അനുഭവപ്പെട്ടു. മലേഷ്യക്ക് വമ്പിച്ച പുരോഗതിയും എന്നാൽ സിങ്കപ്പൂരിനെ പ്രതികൂലമായി ബാധിക്കാനിടയുള്ളതുമായ മഹാതീറിന്റെ ചില സ്വപ്ന പദ്ധതികൾ ബദാവി അടിയറ വെച്ചത് മഹാതീറിനെ ക്ഷുഭിതനാക്കി. മലായ് രാഷ്ട്രീയത്തിൽ എന്നും ഒരു വില്ലനെ പോലെ പ്രത്യക്ഷപ്പെടാറുള്ള സിങ്കപ്പൂരിനെ, കിഴക്കനേഷ്യയിലെ ഇസ്രയേലിന്റെ ഉറ്റമിത്രമായ ഒരു നാടിനെ പരോക്ഷമായി സഹായിക്കുംവിധമുള്ള ബദാവിയുടെ നിലപാട് ബി.എന്നിലെ ചൈനീസ് വംശജർക്ക് മുമ്പിൽ അടിപതറുന്ന ദുർബലനായ ഭരണാധികാരി എന്ന പ്രതിഛായയാണ് അദ്ദേഹത്തിന് നേടിക്കൊടുത്തത്. മലേഷ്യയിലെ സാമ്പത്തിക ഘടന സമ്പൂർണമായി നിയന്ത്രിക്കുന്ന ചൈനീസ് വംശങ്ങൾ കൂടുതൽ ആനുകൂല്യം അനുഭവിക്കുന്നു എന്ന ഈ യാഥാർഥ്യമാണ് മലായ് വംശജരെയും ഇന്ത്യൻ വംശജരെയും ഒരുപോലെ ഭരണകൂടത്തിനെതിരെ തിരിച്ചുവിട്ട ഘടകം.

സാമുദായിക സൗഹൃദത്തിന്റെ കാര്യത്തിൽ ഏഷ്യയിലെ ഏതാണ്ടെല്ലാ രാജ്യങ്ങളെയും അതിശയിപ്പിക്കുംവിധം മാതൃക വെച്ചുപുലർത്തുന്ന മലേഷ്യൻ

**മലായ് വംശജരുടെ നേതാവ് എന്ന അവസ്ഥയിൽനിന്ന് മലേഷ്യൻ പൊതുജനങ്ങളുടെ നേതാവ് എന്ന പ്രതിഛായ സൃഷ്ടിക്കുന്ന പദ്ധതികളുമായാണ് അൻവർ തന്റെ വിദേശത്തുള്ള അധ്യാപക ജോലി ഉപേക്ഷിച്ച് തിരിച്ചു വന്നത്. പീപ്പിൾസ് ജസ്റ്റിസ് പാർട്ടി എന്ന സ്വന്തം പാർട്ടിക്ക് മുമ്പ് തന്നെ ആ മുഖം ഉണ്ടായിരുന്നുവെങ്കിലും അതിനെ കൂടുതൽ ജനകീയമാക്കാനുള്ള അൻവറിന്റെ പദ്ധതികൾ മലേഷ്യയിൽ വിജയിച്ചു.**

സംസ്കൃതി മലായ് വംശജരായ മുസ്‌ലിംകൾ സ്വീകരിക്കുന്ന സഹനത്തിന്റെയും വിട്ടുവീഴ്ചയുടെയും ഫലമാണെങ്കിലും അക്കാര്യം അതേ സ്വഭാവത്തിൽ ഉൾക്കൊള്ളാനും മനസ്സിലാക്കാനും ബി.എന്നിന്റെ കൂടെ ചേർന്ന് അധികാരം പങ്കിടുന്ന ചില പാർട്ടികൾ തയാറായിരുന്നില്ല. എന്നല്ല, ചില പ്രത്യേക വിഭാഗങ്ങളുടെ പിൻബലത്തിൽ അധികാരത്തിലേറുന്ന പാർട്ടികൾ വ്യക്തിപരവും കുടുംബപരവുമായ താൽപര്യങ്ങൾ സുരക്ഷിതമാക്കാനുള്ള വഴി മാത്രമായി അധികാരത്തെ ഉപയോഗപ്പെടുത്തി. ഇതാണ് ഇന്ത്യൻ വംശജരിൽ മഹാഭൂരിപക്ഷത്തെയും ഭരണമുന്നണിക്കെതിരെ തിരിച്ചുവിട്ട ഘടകം. ഈ പ്രതിസന്ധികളെ സമർഥമായി നേരിടാൻ മാത്രം ഭദ്രമായിരുന്നില്ല ബദാവിയുടെ ഹദാരി ഇസ്‌ലാം.

## ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ പുതിയ പരീക്ഷണങ്ങൾ

2004-ൽ പാസിനും അൻവർ ഇബ്റാഹീമിനും ഏറ്റ കനത്ത തിരിച്ചടി പ്രസ്തുത പാർട്ടികളെ നിർമാണാത്മകമായ ചില ചിന്തകളിലേക്ക് നയിച്ചു. ബി.എന്നിനെതിരെ നിലയുറപ്പിക്കുന്ന പാസും, ചൈനീസ് മതേതര സോഷ്യലിസ്റ്റ് കക്ഷിയായ ഡി.എ.പിയും തമ്മിലുള്ള ആശയപരമായ അകൽച്ച ബി.എൻ വിരുദ്ധ വോട്ടുകളെ ഭിന്നിപ്പിക്കുന്നു എന്ന് '90കളുടെ അന്ത്യത്തിൽ തന്നെ അൻവർ തിരിച്ചറിഞ്ഞിരുന്നു. 2004-ലെ തെരഞ്ഞെടുപ്പിൽ അവരെ പരമാവധി സഹകരിപ്പിക്കാൻ അൻവർ നടത്തിയ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. വിവിധ മതവംശീയ പാർട്ടികളുടെ കൂട്ടുമുന്നണിക്ക് പകരം എല്ലാവരെയും ഉൾക്കൊള്ളുന്ന രാഷ്ട്രീയ പ്രസ്ഥാനം എന്ന കാഴ്ചപ്പാടിലേക്ക് അൻവറിനെ നയിച്ചത് ഇത്തരം യാഥാർഥ്യങ്ങളാണ്. മലായ് വംശജരുടെ നേതാവ് എന്ന അവസ്ഥയിൽനിന്ന് മലേഷ്യൻ പൊതുജനങ്ങളുടെ നേതാവ് എന്ന പ്രതിഛായ സൃഷ്ടിക്കുന്ന പദ്ധതികളുമായാണ് അൻവർ തന്റെ വിദേശത്തുള്ള അധ്യാപന ജോലി ഉപേക്ഷിച്ച് തിരിച്ചു വന്നത്. പീപ്പിൾസ് ജസ്റ്റിസ് പാർട്ടി എന്ന സ്വന്തം പാർട്ടിക്ക് മുമ്പുതന്നെ ആ മുഖം ഉണ്ടായിരുന്നുവെങ്കിലും അതിനെ കൂടുതൽ ജനകീയമാക്കാനുള്ള അൻവറിന്റെ പദ്ധതികൾ മലേഷ്യയിൽ വിജയിച്ചു. ഒട്ടനവധി ഇന്ത്യൻ വംശജരായ നേതാക്കൾ അൻവറിനോടൊപ്പം ചേർന്നു. മലേഷ്യൻ രാഷ്ട്രീയ ചരിത്രത്തിലെ തീർത്തും വ്യത്യസ്തമായ ഒരു പരീക്ഷണമായിരുന്നു ഇത്. അതേയവസരം ഗ്രാമങ്ങളിൽ പാസിനുള്ള കരുത്തിനെക്കുറിച്ചും നഗരങ്ങളിലെ വോട്ടർമാർക്ക് അതിനോടുള്ള എതിർപ്പിനെക്കുറിച്ചും അൻവർ ബോധവാനായിരുന്നു. ഒട്ടനവധി വംശീയ ജനവിഭാഗങ്ങൾ ഇടകലർന്ന് ജീവിക്കുന്ന നഗരങ്ങളിൽ വിശിഷ്യാ ക്വാലാലമ്പൂർ, പുത്രജയ, പിനാങ്ങ് തുടങ്ങിയ പ്രദേശങ്ങളിൽ പാസിനെ പിന്തുണക്കുന്നവർ വളരെ അപൂർവമായിരിക്കും. മലായ് ജനവിഭാഗത്തിന്റെ മാത്രം പിന്തുണ നേടിക്കൊണ്ട് മലേഷ്യയെ നയിക്കുക എന്നത് അപ്രാപ്യമായ ദൗത്യവുമാണ്. ഈ തിരിച്ചറിവാണ് എല്ലാ വംശീയ-ജനവിഭാഗങ്ങളെയും സാമൂഹിക നീതി, അഴിമതി നിർമാർജനം, സുതാര്യത, മാനവിക സൗഹൃദം തുടങ്ങിയ മൂല്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതും എന്നാൽ ഇസ്‌ലാമിന് ആധിപത്യമുള്ളതുമായ ഒരു പുതിയ ഘടനയെക്കുറിച്ച മൂർത്തമായ ചില ആശയങ്ങൾ മുന്നോട്ടുവെക്കാൻ പ്രേരിപ്പിച്ചത്.

ചൈനീസ് വംശജർക്ക് മുൻകൈയുള്ള സോഷ്യലിസ്റ്റ് മതേതര പ്രസ്ഥാനമായ ഡി.എ.പിക്ക് പാസിനോടുള്ള വിരോധം തണുപ്പിക്കാനും അൻവറിനു കഴിഞ്ഞു. ബി.എന്നിന്റെ സമഗ്രാധിപത്യ ഘടനക്കെതിരെ സാമൂഹിക നീതിയിലധി

ഷ്ഠിതവും നീതിപൂർവകവുമായ ഭരണക്രമമാണ് കെട്ടിപ്പടുക്കേണ്ടതെന്നും പാശ്ചാത്യ മതേതരത്വം മത-വംശീയ കാഴ്ചപ്പാടുകൾക്ക് പ്രാമുഖ്യം നൽകുന്ന മലേഷ്യയിൽ വിജയിക്കില്ലെന്നും ഡി.എ.പിക്ക് ഏതാണ്ട് ബോധ്യപ്പെട്ടു. നഗരങ്ങളിൽ സ്വാധീനം ഉറപ്പിക്കാനല്ലാതെ, ഗ്രാമങ്ങളിലെ മലായ് ജനവിഭാഗങ്ങളിൽ കടന്നുചെല്ലാൻ ഡി.എ.പിക്ക് സാധിക്കില്ലെന്ന തിരിച്ചറിവ് പ്രായോഗിക ചിന്തക്ക് അവരെ പ്രേരിപ്പിച്ചു.

പാസിന് സ്വന്തം കരുത്തും ദൗർബല്യവും നന്നായറിയാമായിരുന്നു. കെലന്തൻ, തെരുങ്കാനു, കെദ തുടങ്ങിയ മലേഷ്യയുടെ വടക്ക്-പടിഞ്ഞാറ് ഭാഗങ്ങളിൽ പാസ് എന്നും നിഷേധിക്കാനാവാത്ത സാന്നിധ്യം വിളിച്ചറിയിക്കുന്നുണ്ട്. ഇസ്‌ലാമിക വൽക്കരണം എന്ന് കേൾക്കുമ്പോഴേക്കും കൈവെട്ടലും എറിഞ്ഞ് കൊല്ലലുമാണ് എന്ന വളരെ തെറ്റായ ബോധം മലേഷ്യയിലെ അമുസ്‌ലിംകൾക്കിടയിലുണ്ടെന്നും അത് തിരുത്താനുള്ള ഉപാധി എന്ന നിലയിൽ 2008-ലെ തെരഞ്ഞെടുപ്പ് ഉപയോഗപ്പെടുത്തണമെന്നും പാസിലെ യുവതലമുറ ശക്തമായി വാദിച്ചു. ഇതാണ് തെരഞ്ഞെടുപ്പിന് വളരെ മുമ്പുതന്നെ പി.കെ.ആറിനോടൊപ്പം സഖ്യം ചേരാൻ പാസിനെ പ്രേരിപ്പിച്ച ഘടകം.

തെരഞ്ഞെടുപ്പായപ്പോഴേക്കും ബി.എന്നിനെതിരെ പ്രതിപക്ഷത്തിന് ഒറ്റ സ്ഥാനാർഥി എന്ന ആശയം പാസ്, ഡി.എ.പി എന്നീ കക്ഷികൾ അംഗീകരിക്കുകയും, അൻവർ മധ്യസ്ഥന്റെ റോളിൽ അതിനെ ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്തു. ചരിത്രത്തിൽ ആദ്യമായി വനിതാ സ്ഥാനാർഥിയെ മത്സരിപ്പിച്ചും അമുസ്‌ലിം അനുഭാവികളെ സ്ഥാനാർഥികളാക്കിയും മലേഷ്യ പിന്തുടരുന്ന സാമുദായിക സന്തുലിതത്വത്തിനെതിരല്ല പാസ് എന്ന് പ്രായോഗികമായി തെളിയിക്കാൻ അവർ ശ്രമിച്ചു. ബി.എൻ ഭരണത്തിൽ പൊറുതിമുട്ടിയ പുതു തലമുറക്ക് ഈ പ്രതിപക്ഷ സഖ്യം വളരെ ആവേശം പകർന്നു എന്നുതന്നെ പറയാം. പ്രത്യേകിച്ച് ജയിൽ വാസശേഷം ആദ്യമായി പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ട അൻവർ ബഹുജനങ്ങളെ വല്ലാതെ സ്വാധീനിച്ചു. ഇതെല്ലാം ചേർന്ന് വന്നപ്പോഴാണ് 2008-ൽ മലേഷ്യൻ ചരിത്രത്തിൽ പുതിയൊരധ്യായം എഴുതി ചേർക്കാനായത്. ■

*(മലേഷ്യയിലെ ഇന്റർനാഷ്നൽ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ റിസർച്ച് സ്കോളറാണ് ലേഖകൻ)*